**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3071** **18.06.2019-ലെ മറുപടിക്ക്**

**'പട്ടയം അനുവദിക്കുന്നതിന് നടപടി'**

**ചോദ്യം**
**ശ്രീ. എം.രാജഗോപാലൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെമ്പ്രകാനം പ്രദേശങ്ങളിൽ മിച്ചഭൂമി കൈമാറി വാങ്ങിയവർക്ക് പട്ടയം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; | (എ) | പതിച്ചു നൽകിയ മിച്ചഭൂമി കൈമാറി വാങ്ങിയവർക്ക് വീണ്ടും പട്ടയം അനുവദിക്കാൻ നിയമപരമായി സാധ്യമല്ല. ആയതിനാൽ തൃക്കരിപ്പൂർ ചെമ്പ്രകാനം തിമിരി വില്ലേജിലെ റീ സർവ്വെ 59/1 എ-യിൽപ്പെട്ട പ്രദേശങ്ങളിലെ പതിച്ചു നൽകിയ മിച്ചഭൂമി കൈമാറി വാങ്ങിയവരുടെ അപേക്ഷകളിന്മേൽ അകാല കൈമാറ്റം സാധൂകരിച്ച് ഉത്തരവാണ് നൽകുന്നത്.<br>നാളിതുവരെ ലഭിച്ച 73 അപേക്ഷകളിൽ (69 അകാല കൈമാറ്റത്തിന്റെയും 4 വിൽപന അനുമതിക്കും) 40 അപേക്ഷകൾ സാധൂകരിച്ച് നൽകിയിട്ടുള്ളതും ശേഷിക്കുന്നവ പരിശോധിച്ചു വരികയുമാണ്. |
| (ബി) | ഈ പ്രദേശത്ത് ഇനിയും എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കൈമാറ്റ സാധൂകരണ കേസുകളിൽ പട്ടയം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ കൈമാറ്റം സാധൂകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള 33 അപേക്ഷകൾ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**